2. *സീമന്തരേഖയിലിട്ട സിന്ദൂരം വിയർപ്പിൽ കുതിർന്ന് വിരലിലൊട്ടി. ഒരുതുള്ളി രക്തംപോലെ അതു വിരൽത്തുമ്പിൽ ഒരു നിമിഷം തങ്ങി. പിന്നെ മെല്ലെ താഴേക്കു വീണു മരിച്ചു? — ഈ വാക്കുകൾ സൃഷ്ടിക്കുന്ന വൈകാരികതലവും ആശയവും കണ്ടെത്താമോ?*

സ്ത്രീയുടെ സീമന്തരേഖയിലെ സിന്ദൂരം ഭർതൃമതിയാണ് എന്നുള്ളതിനുള്ള സൂചകമാണ്. ഭർത്താവിൽനിന്നുമുള്ള അവഗണനയും താൻ അനുഭവിച്ച അസ്വാതന്ത്ര്യവും ഭർത്താവിൽനിന്നും കൊതിച്ചതൊന്നും ലഭിക്കാതെപോയതിന്റെ ഇച്ഛാഭംഗവും പ്രതിഷേധവും വൃദ്ധ തന്റെ മയമുള്ള വാക്കുകളിലൂടെ അവതരിപ്പിക്കുമ്പോൾ പെൺകുട്ടി തന്റെ ജീവിതത്തെക്കുറിച്ചും അതിലുള്ള അസഹ്യമായ അദ്ധ്യായങ്ങളെക്കുറിച്ചും അറിയാതെ ഓർത്തുപോയിരിക്കണം. തണുത്ത കാറ്റിലും വിയർക്കുന്ന അവൾ സീമന്തരേഖയിലെ സിന്ദൂരം ഒലിച്ചുവരുന്നത് വിരൽകൊണ്ട് തുടച്ചെടുത്തു. അത് വിരൽത്തുമ്പിൽ അല്പനേരം തങ്ങി. പിന്നെ ഇറ്റ് മണ്ണിൽ വീണു. ഭർത്താവിനെക്കുറിച്ചും അയാൾ ഏല്പിക്കുന്ന ചോരപൊടിക്കുന്ന വേദനകളെക്കുറിച്ചും ക്രൂരതകളെക്കുറിച്ചും ഒരുപക്ഷേ, പെൺകുട്ടി ഓർത്തുപോയിരിക്കാം. സ്ത്രീ ഭൂമിയുടെ മകളാണല്ലോ. അവളുടെ കണ്ണുനീർ അമ്മയല്ലാതെ ആരാണ് ഏല്ക്കുക.

3. *'നിനക്കു കുട്ട്യോളുണ്ടാവുമ്പോൾ ആണെങ്കിൽ രവീന്ദ്രനാഥ്ന്ന് ഇടണം. പെണ്ണെങ്കിൽ മൃണാളിനീന്ന്' — വൃദ്ധയുടെ വാക്കുകളിൽ വിരിയുന്ന ഇച്ഛാഭംഗത്തിന്റെ സ്വരം എന്തെല്ലാം?*

മകന് ഇടാൻ താൻ കരുതിവച്ചിരുന്ന പേരുപോലും ഭർത്താവ് പരിഗണിച്ചില്ല. പ്രസവിച്ച അമ്മയ്ക്ക് അതിനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടു. തന്റെ മകനു താൻ നല്കാൻ കരുതി വച്ചിരുന്ന രവീന്ദ്രനാഥ് എന്ന ആ പേര്, കഥാകാരിയായ അവർക്ക് ഏറെ ഇഷ്ടപ്പെട്ടിരുന്നു. പെൺകുട്ടി പ്രസവിക്കുന്ന മകന് ആ പേര് നല്കണമെന്നു വൃദ്ധ അഭ്യർത്ഥിക്കുന്നു. ഭർത്താവിൽനിന്നും ലഭിക്കേണ്ടിയിരുന്ന പരിഗണനയും നീതിയും നിഷേധിക്കപ്പെട്ടതിലുള്ള വേദനയും പ്രതിഷേധവും എല്ലാം ഈ വാക്കുകളിലുണ്ട്.

4. *അസ്വാതന്ത്ര്യവും അവഗണനയും കുഴച്ചുവിലങ്ങിട്ട സ്ത്രീജന്മങ്ങളുടെ പരിതപ്തമായ ഓർമ്മകളും പൊട്ടിത്തെറികളും ഓർമ്മയുടെ ഞരമ്പിൽ തെളിഞ്ഞുനില്ക്കുന്നു. വൃദ്ധയുടെ ഓർമ്മകളുടെ അടിസ്ഥാനത്തിൽ—ചർച്ചചെയ്യുക.*

വൃദ്ധയുടെ ഉള്ളിൽ നിരവധി നോവുന്ന ഓർമ്മകൾ ഉണ്ട്. അതിൽ

ഏറെ വേദനിപ്പിക്കുന്ന ഒരു ഓർമ്മയാണ് മകന്റെ പേര്. മകന് ഇടാൻ താൻ കരുതിവച്ചിരുന്ന പേരുപോലും ഭർത്താവ് പരിഗണിച്ചില്ല. പ്രസവിച്ച അമ്മയ്ക്ക് അതിനുള്ള അവകാശംപോലും നിഷേധിക്കപ്പെട്ടു. തന്റെ മകനു താൻ നല്കാൻ കരുതിവച്ചിരുന്ന രവീന്ദ്രനാഥ് എന്ന ആ പേര്, കഥാകാരിയായ അവർ ഏറെ ഇഷ്ടപ്പെട്ടിരുന്നു. പെൺകുട്ടി പ്രസവിക്കുന്ന മകന് ആ പേര് നല്കണമെന്ന് വൃദ്ധ അഭ്യർത്ഥിക്കുന്നു. ഭർത്താവിൽനിന്നും ലഭിക്കേണ്ടിയിരുന്ന പരിഗണനയും നീതിയും നിഷേധിക്കപ്പെട്ടതിലുള്ള വേദനയും പ്രതിഷേധവും എല്ലാം ഈ വാക്കുകളിലുണ്ട്. അസ്വാതന്ത്ര്യവും തെളിഞ്ഞു നില്ക്കുന്നു.

5. *"ഡൽഹി കാണാൻ വല്ലാത്ത കൊത്യായിരുന്നു എനിക്ക്. പക്ഷേ, എന്നെ കൊണ്ടോയില്ല... ഏതായാലും എന്റെ പോക്കു നടന്നില്ല."*

*"ഒരു സാഹിത്യകാരി... അവള് കഥയെഴുതി ആണുങ്ങടെ കള്ളപ്പേരില് പത്രമാസികകൾക്ക് അയച്ചുകൊടുക്കുന്നു. ഒടുവിൽ അവളുടെ ഒരു കഥയ്ക്ക് സമ്മാനം കിട്ടിയപ്പോൾ ആളുകള് അന്വേഷിച്ചുപിടിച്ച് അവളുടെ വീട്ടിലെത്തുന്നു... വിവരമറിഞ്ഞപ്പോൾ അവളുടെ ഭർത്താവ് പറഞ്ഞു: ഓ അതു ഞാനെഴുതിയതുതന്നെ..."*
*— ഈ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്ന വസ്തുതകൾ എന്തെല്ലാമെന്ന് വിവരിക്കുക.*

പശുവിന്റെയും അസ്ഥിത്തറയുടെയും പേരിൽ ആ ആഗ്രഹം നിഷേധിക്കപ്പെട്ടു. കഥാകാരിയായ ഭാര്യയെ അംഗീകരിക്കാത്ത ഭർത്താവ് അവളെഴുതിയ കഥയ്ക്ക് അംഗീകാരം കിട്ടിയപ്പോൾ അതിന്മേലുള്ള അവകാശവും അന്തസ്സും തട്ടിയെടുത്തു. നല്ലതെല്ലാം പുരുഷനുള്ളതാണ്. പദവിയും അംഗീകാരവും എല്ലാം. പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം. അത്രയേ സ്ത്രീ ചിന്തിക്കാവൂ.

**വികസിപ്പിച്ചെഴുതാം.**

കനലാട്ടം – കനലിന്റെ ആട്ടം
മരുക്കാട് – മരുവായ കാട്,
കുറുനിഴൽ – കുറിയ നിഴൽ,
നീരൊളി – നീരിന്റെ ഭംഗി (ഒളി)

**പകരം പദം**

സൂര്യൻ – അർക്കൻ, മിത്രൻ
ഗജം – ആന, കരി
വാജി – കുതിര, അശ്വം
വീഥി – വഴി, മാർഗ്ഗം
അംബുജം – താമര, പങ്കജം